**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3513 18.02.2013 - ൽ മറുപടിയ്ക്ക്

സ്നേഹപൂർവ്വം കിടക്ക പദ്ധതി

ചോദ്യം
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എ. റ്റി. ജോർജ്

ഉത്തരം
**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'സ്നേഹപൂർവ്വം കിടക്ക പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | | സംസ്ഥാനത്ത് സ്നേഹപൂർവ്വം കിടക്ക എന്ന പദ്ധതി സാമൂഹ്യനീതി വകുപ്പിൽ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സ്നേഹപൂർവ്വം എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) യും (ബി) യും | മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയോ ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ ബന്ധു ഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് ഉതകുന്ന തരത്തിൽ പ്രതിമാസ ധന സഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം. |
| (സി) | ഈ പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (സി) | 1. ഒന്നുമുതൽ ഡിഗ്രി ക്ലാസ്സുകളിലും പ്രൊഫഷണൽ കോഴ്സുകൾക്കും വരെ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം.<br>2. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ അംഗമായിരിക്കണം. അല്ലെങ്കിൽ നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും ഗാമ പ്രദേശങ്ങളിൽ 20,000/-രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള കുടുംബത്തിലെ അംഗമായിരിക്കണം.<br>3. സർക്കാർ/എയ്ഡഡ് സ്കൂൾ/ കോളേജുകളിൽ പഠിക്കുന്ന കുട്ടികളായിരിക്കണം. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | പദ്ധതിയെ സംബന്ധിച്ച അവബോധം ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ വർത്തമാന പത്രങ്ങളിലും പത്ര പരസ്യം നൽകുകയും, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അപേക്ഷാഫാറം അയച്ചു കൊടുക്കുകയും, കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിൽ പദ്ധതി മാനദണ്ഡങ്ങളും അപേക്ഷാ ഫാറവും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

R. Vijay (signature)
സെക്ഷൻ ഓഫീസർ